**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 201** **29-01-2024 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നിലവിലുള്ള മാർഗ്ഗനിർദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | **സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നിലവിലുള്ള മാർഗ്ഗനിർദേശങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**ആർദ്രം മിഷന്റെ ഭാഗമായി താലൂക്ക് ആശുപത്രിതലം മുതൽ മുകളിലോട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളിലാണ് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ള ഡോക്ടർ/നേഴ്സ് എന്നിവരുടെയും, ക്വാളിഫൈഡ് ടെക്നീഷ്യൻമാരുടേയും സേവനം, ഓരോ കിടക്കകളിലും രോഗിയുടെ ആന്തരിക അവയവ പ്രവർത്തനങ്ങളും/ജീവനാഡീ പ്രവർത്തനങ്ങളും നിരന്തരമായി മോണിറ്റർ ചെയ്യുന്നതിനുള്ള സൗകര്യം, നേഴ്സിംഗ് സ്റ്റേഷൻ, ഹാന്റ് വാഷിംഗ്, ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം, വാഷിംഗ് ഏരിയ ഉൾപ്പെടുന്ന റി-പ്രൊസസ്സിംഗ് യൂണിറ്റ്, ആർ. ഒ. വാട്ടർ പ്ലാന്റ്, എയർ കണ്ടീഷനിംഗ് സംവിധാനം, ഡയാലിസിസ് റൂമിനകത്ത് ടെലിവിഷൻ, സ്റ്റോറേജ് ഫെസിലിറ്റി, കൂട്ടിരുപ്പുകാർക്ക് ടോയിലെറ്റ് സൗകര്യമുൾപ്പെടെയുള്ള വെയ്റ്റിംഗ് ഏരിയ, ഡയാലിസിസ് യൂണിറ്റും മെയിൻ ട്രാഫിക് ഏരിയയും തമ്മിൽ നിശ്ചിത അകലം എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കണം. കൂടാതെ പരമാവധി സ്ഥലങ്ങളിൽ മൂന്ന് ഷിഫ്റ്റുകളിലായി പ്രവർത്തിക്കുന്ന, കുറഞ്ഞത് 10 ബെഡുകളുള്ള ഡയാലിസിസ് യൂണിറ്റ് ആകുന്നതാണ് അഭികാമ്യം. ഡയാലിസിസ് സ്റ്റേഷന് (ഒരു മെഷീനും ഒരു ബെഡും ഉൾപ്പെടെ) 150 സ്ക്വയർ ഫീറ്റ് ഏരിയ, മെഷീനുകളുടെ എണ്ണത്തിനനുസരിച്ച് റിവേഴ്സ് ഓസ്മോസിസ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും (1000 LPH/ ഏകദേശം 10 മെഷീൻ) ആയത് പ്രവർത്തിക്കുന്നതിന് തടസ്സങ്ങളില്ലാത്ത ജലലഭ്യതയും ഉറപ്പാക്കണം. ഈ പ്ലാന്റിന് (1000 LPH plant) 500 സ്ക്വയർ ഫീറ്റ് സ്ഥലം ഉണ്ടായിരിക്കണം. ഡയാലിസിസിൽ** |

| | | | |
|---|---|---|---|
| | | | **പരിശീലനം ലഭിച്ചിട്ടുള്ള ഡോക്ടറുടെ സേവനവും ഓരോ ഷിഫ്റ്റിലും ഒരു നഴ്സിംഗ് സ്റ്റാഫ്, 3 മെഷീൻ, ഒരു ഡയാലിസിസ് ടെക്നീഷ്യൻ, ഒരു ക്ലീനിംഗ് സ്റ്റാഫ് എന്നിവരുടെ സേവനവും അത്യാവശ്യമാണ്. കൂടാതെ ഡയാലിസിസ് റൂമിന് എയർ കണ്ടിഷൻ സൗകര്യവും $70^0$ F – $72^0$ F and 55% - 60% ഹ്യൂമിഡിറ്റിയും ഉറപ്പാക്കണം. ഡയാലിസിസ് റൂമിലേയ്ക്ക് തടസ്സമില്ലാത്ത വൈദ്യുതി ഉറപ്പാക്കാൻ ഓൺലൈൻ യു.പി.എസ് കണക്ഷനും അത്യാവശ്യമാണ്. ഓരോ ഡയാലിസിസ് സ്റ്റേഷനും നിരീക്ഷിക്കാൻ പറ്റുന്ന വിധത്തിൽ ഡയാലിസിസ് റൂമിൽ ഒരു നേഴ്സിംഗ് സ്റ്റേഷനും ഓരോ ഡയാലിസിസ് സ്റ്റേഷനിലേക്കും ഓക്സിജൻ, വാകം, ആവശ്യമായ വൈദ്യുതി കണക്ഷൻ എന്നിവയും ഉറപ്പാക്കണം. ഡയാലിസിസ് റൂമിനോട് ചേർന്ന് റീ പ്രോസസിംഗ് ഏരിയ (2 സിങ്ക് ഉൾപ്പെടെ), ബൈകാർബ് മിക്സിംഗ് ഏരിയ, ഡയലൈസർ സ്റ്റോറേജ് ഏരിയ എന്നിവ ഉണ്ടാകണം. ഐസൊലേഷൻ റൂം ഐസൊലേറ്റ് ഡയാലിസിസ് ചെയ്ത രോഗികൾക്ക് പ്രത്യേക ഡയാലിസിസ് റൂമും, കെമിക്കൽ സ്റ്റോറേജ് ഏരിയയും കൺസ്യൂമബിൾ സ്റ്റോറേജ് ഏരിയയും ഉൾപ്പെടുന്ന രണ്ട് സ്റ്റോറേജ് ഏരിയയും അതോടൊപ്പം തന്നെ ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഏരിയ, സ്റ്റാഫ് റൂം, രോഗികൾക്ക് വെയിറ്റിംഗ് റൂം എന്നിവയും അത്യാവശ്യമാണ്. ഡയാലിസിസ് റൂമിലേയ്ക്ക് ആവശ്യമായ വെയിംഗ് മെഷീൻ (പ്ലാറ്റ്ഫോം ടൈപ്പ്), കാർഡിയാക് മോണിറ്റർ, ഡിഫിബ്രിലേറ്റർ കൂടാതെ ഡയാലിസിസ് രോഗികൾക്ക് കത്തീറ്റർ ഇടുന്നതിനുള്ള ഒരു മിനി തിയേറ്റർ ഉള്ളതും അഭികാമ്യമാണ്. ഹാൻഡ് വാഷിംഗ്, ഹാൻഡ് റബ്ബിംഗ് ഏരിയയും ആവശ്യമാണ്. ക്ലീൻ ചെയ്യുന്നതിനും മെയിന്റനൻസ് ചെയ്യുന്നതിനും എളുപ്പമുള്ള മെറ്റീരിയൽ കൊണ്ടുള്ളതായിരിക്കണം ഡയാലിസിസ് റൂമിന്റെ ഫ്ലോർ. ഡയാലിസിസ് റൂമിന്റെ ഭിത്തികൾ വാട്ടർ റസിസ്റ്റന്റും എളുപ്പത്തിൽ ക്ലീൻ ചെയ്യാൻ പറ്റുന്നതും ആയിരിക്കണം.** |
| (ബി) | സംസ്ഥാനത്ത് ഏതെങ്കിലും പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതെവിടെയെല്ലാമാണെന്നും എന്നാണ് ആരംഭിച്ചതെന്ന് ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കാമോ; | (ബി) | കോട്ടയം ജില്ലയിൽ എഫ്.എച്ച്.സി ഈരാറ്റുപേട്ടയിൽ ഡയാലിസിസ് യൂണിറ്റിന്റെ സേവനം 2020 നവംബർ മാസം മുതൽ നൽകി വരുന്നുണ്ട്. എഫ്. എച്ച്. സിയുടെയും ഈരാറ്റുപേട്ട വ്യാപാരി വ്യവസായി ഏകോപന സമിതി നേതൃത്വം നൽകുന്ന പുനിയം ചാരിറ്റബിൾ സൊസൈറ്റിയുടെയും സംയുക്ത പ്രവർത്തനത്തിലൂടെയാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നത്. മലപ്പുറം ജില്ലയിലെ താനാളൂർ |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തിലെ താനാളൂർ കുടുംബാരോഗ്യകേന്ദ്രത്തിന്റെ സ്ഥലത്ത് കിഡ്നി വെൽഫെയർ സൊസൈറ്റി താനാളൂർ എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ 2019 മുതൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. മലപ്പുറം ജില്ലയിലെ കാടമ്പുഴ ഗ്രാമപഞ്ചായത്തിൽ മാറാക്കര കുടുംബാരോഗ്യകേന്ദ്രത്തിന്റെ സ്ഥലത്ത് 2020 മുതൽ കാടമ്പുഴ ലൈഫ് മിഷൻ സൊസൈറ്റി മുഖേന ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കണ്ണൂർ ജില്ലയിൽ യു.പി.എച്ച്.സി ഉരുവച്ചാലിൽ 25.12.2017 ലും, എടക്കാട് അർബ്ബൻ ഡയാലിസിസ് സെന്റർ 22.5.2020 ലും ആരംഭിച്ചു. |
| (സി) | എറണാകുളം ജില്ലയിൽ സർക്കാർ മേഖലയിൽ എവിടെയെല്ലാമാണ് ഡയാലിസിസ് യൂണിറ്റ് നിലവിലുള്ളതെന്നും ഓരോ സ്ഥലത്തും ഒരു ദിവസം എത്ര ഡയാലിസിസുകൾ വീതം നടത്തുന്നുണ്ടെന്നും വിശദമാക്കാമോ? | (സി) | എറണാകുളം ജില്ലയിൽ സർക്കാർ മേഖലയിൽ 9 ആരോഗ്യ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങളും ഓരോ സ്ഥലത്തും ഒരു ദിവസം നടക്കുന്ന ഡയാലിസിസിന്റെ വിവരങ്ങളും ചുവടെ ചേർക്കുന്നു.<br>1. ജനറൽ ആശുപത്രി, എറണാകുളം - 45<br>2. ജനറൽ ആശുപത്രി, മൂവാറ്റുപുഴ – 10<br>3. ജില്ലാ ആശുപത്രി, ആലുവ – 44<br>4. താലൂക്ക് ആസ്ഥാന ആശുപത്രി, പെരുമ്പാവൂർ - 18<br>5. താലൂക്ക് ആസ്ഥാന ആശുപത്രി, ഫോർട്ട് കൊച്ചി - 14<br>6. താലൂക്ക് ആസ്ഥാന ആശുപത്രി, വടക്കൻ പറവൂർ – 18<br>7. താലൂക്ക് ആസ്ഥാന ആശുപത്രി, തൃപ്പൂണിത്തുറ – 10<br>8. താലൂക്ക് ആശുപത്രി - പിറവം - 14<br>9. ഗവ. മെഡിക്കൽ കോളേജ്, കളമശ്ശേരി - 35 |

സെക്ഷൻ ഓഫീസർ